22/DGE/HSE/NSS/2025

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി ഉള്ളൂർ ലെയിൻ,
(Opp, New Building)
തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി:21/05/2025

## സർക്കുലർ

വിഷയം: - 'മാലിന്യമുക്ത മഴക്കാലം' - മഴക്കാല പൂർവ്വ ശുചീകരണ ക്യാമ്പയിൻ -സംബന്ധിച്ച്.

2025-26 അധ്യയന വർഷത്തിന് മുന്നോടിയായി എൻ.എസ്.എസ്. വോളന്റിയർമാരെ ഉപയോഗപ്പെടുത്തി മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് സ്കൂൾ തുറക്കും മുൻപുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ 2025 മെയ് 26, 27, 28 എന്നീ ദിവസങ്ങളിൽ അനുയോജ്യമായ ദിവസം തിരഞ്ഞെടുത്ത് സംഘടിപ്പിക്കേണ്ടതാണ്. ജൂൺ ആദ്യവാരം തന്നെ തെക്കുപടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ എല്ലാ വോളന്റിയർമാരും ക്ലാസ് മുറികളും പരിസരവും ശുചിയാക്കുന്ന 'മാലിന്യമുക്ത മഴക്കാലം' പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കേണ്ടതാണ്.

ടി പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന വോളന്റിയർമാർക്ക് പ്രോഗ്രാം ഓഫീസറുടെയും സ്കൂൾ പി.ടി.എ. യുടെയും നേതൃത്വത്തിൽ ജലജന്യരോഗങ്ങളിൽ നിന്നും മറ്റ് ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കാനാവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണ്.

എൻ.എസ്.എസ്.വോളന്റിയർമാരും പ്രദേശത്തെ ഹരിത കർമ്മ സേനാംഗങ്ങളും കൂടി ചേർന്ന് 'ഗ്രീൻ ഗാർഡിയൻ' സംവിധാനത്തിന്റെ സഹായം പ്രാദേശിക ഭരണകൂടങ്ങളുമായി ചർച്ച ചെയ്ത് ഉറപ്പാക്കേണ്ടതാണ്.

'മാലിന്യമുക്ത മഴക്കാലം' ക്യാമ്പയിനിന്റെ ഭാഗമായി സ്കൂളിൽ എൻ.എസ്.എസ്. പരിപാലിക്കുന്ന 'തനതിടം' തുടർ പ്രവർത്തനങ്ങൾക്കായി ഒരുക്കേണ്ടതാണ്.

'മാലിന്യമുക്ത മഴക്കാലം' ക്യാമ്പയിനിന്റെ റിപ്പോർട്ടും ഫോട്ടോകളും അത് ജില്ലാ കൺവീനർമാർ മെയ് 31 ന് മുൻപായി എൻ.എസ്.എസ്. സെല്ലിൽ എത്തിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)

DIRECTOR OF GENERAL EDUCATION
Thiruvananthapuram